ഖുത്ബ നമ്പർ
**04**
**25-01-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**



# നബിദർശനം സിദ്ധിച്ച മസീഹിന്റെ സഹാബാക്കൾ

ഈ കാലഘട്ടത്തിൽ നബി തിരുമേനി (സ) യുടെ പ്രതാപത്തെയും സ്ഥാനത്തെയും ലോകത്ത് സ്ഥാപിക്കുന്നതിനായി അല്ലാഹു ഹ:മസീഹ് മൗഊദ് (അ) നെ നിയോഗിക്കുകയുണ്ടായി. ഹ: മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു, അല്ലാഹു തന്റെ റസൂൽ നബി തിരുമേനി(സ) യുടെ ന്യായപൂർത്തീകരണത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. അദ്ദേഹം ഒരു സൂര്യനെ പോലെ വരികയും എല്ലാ വശങ്ങളിലൂടെയും തന്റെ പ്രകാശം വെളിപ്പെടുത്തുകയും ചെയ്തു. ആരാണോ ഈ യഥാർത്ഥ ആദിത്യനിൽ നിന്ന് മുഖം തിരിക്കുന്നത് അവർ രക്ഷയിലല്ല. അതിനെ നമുക്ക് നല്ല ഉദ്ദേശ്യം എന്ന് പറയുക സാധ്യമല്ല. പറയുന്നു. ഓർക്കുക, തൗഹീദിന്റെ മാതാവ് പ്രവാചകൻ തന്നെയായിരുന്നു. അവരിൽ നിന്ന് തൗഹീദ് ജനിക്കുന്നു. അതിലൂടെ അല്ലാഹുവിന്റെ അസ്ഥിത്വത്തെക്കുറിച്ച് അറിവ് ലഭിക്കുന്നു. പറയുന്നു, അല്ലാഹുവിനെക്കാൾ നന്നായി ന്യായപൂർത്തീകരണം ആർക്കാണ് അറിയുക? അവൻ പ്രിയനബി(സ)യുടെ സത്യസന്ധത സ്ഥാപിക്കുന്നതിനായി ആകാശഭൂമിയെ അടയാളങ്ങളാൽ പൂരിതമാക്കി. ഇപ്പോൾ ഈ കാലഘട്ടത്തിലും അല്ലാഹു ഈ നിസാര സേവകനെ നിയോഗിച്ച്കൊണ്ട് നബി തിരുമേനി(സ)യുടെ സത്യസാക്ഷ്യത്തിനായി ആയിരക്കണക്കിന് അടയാളങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അത് മഴ പോലെ വർഷിക്കുകയാണ്. അപ്പോൾ ന്യായപൂർത്തീകരണത്തിന് എന്ത് കുറവാണ് ശേഷിക്കുക? ഈ അടയാളങ്ങൾ ഇന്നും വിവിധ രൂപങ്ങളിൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്നു. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) ൽ നിന്ന് നേരിട്ട് അനുഗ്രഹം കരസ്ഥമാക്കിയ ആഖിരീംകളുടെ ഈ സംഘത്തിന് അല്ലാഹു മാർഗ്ഗദർശനം നൽകുകയും അവർക്ക് അടയാളങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തു. സ്വപ്നങ്ങളിലൂടെ അവരെ യഥാർത്ഥമാർഗ്ഗത്തിലേക്ക് നയിച്ചു. പിന്നീട് അവർ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ വരുന്നതിനായി സർവ ത്യാഗങ്ങളും വരിച്ചു. അവരിൽ ചിലർക്ക് അല്ലാഹു നബി തിരുമേനി (സ) യേയും ആ മഹാത്മാവിന്റെ സത്യപ്രേമിയേയും ഒരു ജീവനാക്കി കാണിച്ചു കൊടുത്തു.

ഞാൻ തുടങ്ങിവച്ച പരമ്പരയനുസരിച്ച് അവരിൽ ചിലരുടെ സ്വപ്നങ്ങൾ ഞാൻ പരാമർശിക്കുന്നതാണ്. അവർക്ക് വിവിധ തരത്തിൽ അല്ലാഹു മാർഗ്ഗദർശനം നൽകി. അവരിൽ ചിലർ സ്വപ്നങ്ങളിൽ നബി (സ)യെ ദർശിക്കുകയും നബി (സ) തിരുമേനി തന്റെ മസീഹിന്റെ സ്ഥാനത്തെ കുറിച്ചും, നബി (സ) യുടെ ദീനിനെ പ്രചരിപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഈ മസീഹിന്റെ ആഗമനത്തെ കുറിച്ചും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചും പറയുകയുണ്ടായി. ചില ഉദാഹരണങ്ങൾ കേൾപ്പിക്കുകയാണ്.

മിർസാ മുഹമ്മദ് ജലാലുദ്ദീൻ സാഹിബിന്റെ പുത്രനായ ഹ: മിർസാ മുഹമ്മദ് അഫ്സൽ സാഹിബ് പറയുന്നു,1895 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. 1904 ലാണ് അദ്ദേഹം ഹ: മസീഹ് മൗഊദ് (അ) നെ സന്ദർശിച്ചത്. അവിടെ വെച്ച് കയ്യിൽ ബയ്അത്ത് ചെയ്തു. പറയുന്നു. ഏകദേശം 1876 കാലഘട്ടത്തിനടുത്ത് എന്റെ പിതാവായ മുൻശി മുഹമ്മദ് ജലാജുദ്ദീൻ സാഹിബ് അദ്ദേഹം അവ്വലുൽ അസ്ഹാബുൽ ബദർ ആകുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) അന്നാളിൽ ഹോശിയാറാ ഛാവ്നിയിലായിരുന്നു. മസീഹിനെ സംബന്ധിച്ച് അദ്ദേഹത്തിന് 313 സഹാബികളുണ്ടായിരിക്കുമെന്ന് രേഖപ്പെട്ടിട്ടുണ്ട്. ഹദ്റത് മസീഹ് മൗഊദ്(അ) വിവിധ സ്ഥലങ്ങളിൽ ആയിനെ കലാമത്തെ ഇസ്ലാമിലും അഞ്ചാമെ ആഥമിലും ഈ 313 സഹാബാക്കളെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഹദീസനുസരിച്ച് ബദറിന്റെ സഹാബാക്കൾ എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ സഹാബാക്കളിൽ മിർസാ മുഹമ്മദ് അഫ്സൽ സാഹിബിന്റെ പിതാവായ മുൻശി ജലാലുദ്ദീൻ സാഹിബും ഉൾപ്പെടുന്നു. പറയുന്നു. ഹോശിയാറാ ഛാവ്നിയിൽ ആയിരുന്ന സമയത്ത് ഒരു സുവാർത്തയടങ്ങിയ സ്വപ്നം നിരന്തരമായി മൂന്ന് ദിവസം ദർശിച്ച കാരണത്താൽ മിർസാ അഫ്സൽ സാഹിബ് പറയുന്നു, ഞാൻ കുട്ടിയായിരുന്നു. എന്നെ ഒരു സുഹൃത്തിനെ ഏൽപ്പിച്ചു കൊണ്ട് സ്വയം വാഗ്ദത്ത മഹ്ദി (അ) ന്റെ അന്വേഷണത്തിനായി അവധിയെടുത്ത് പുറപ്പെട്ടു. ജഹ്ലുമിലെ ഒരു സ്ഥലത്ത് വെച്ച് അദ്ദേഹത്തിന് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു വിജ്ഞാപനം ലഭിച്ചു. വായിച്ചതിന് ശേഷം ഉദ്ദേശ്യലക്ഷ്യത്തിലേക്ക് പുറപ്പെട്ടു. ഖാദിയാൻ ഒരു കുഗ്രാമമായിരുന്നു. അന്വേഷിച്ചന്വേഷിച്ച് ബട്ടാലയിലെത്തി. എന്നാൽ ബട്ടാലയിലെ മിയാൻ സാഹിബ് അവിടുത്തെ ഇമാം സാഹിബ് അദ്ദേഹത്തെ തടഞ്ഞു. ഒരു പക്ഷെ തിരിച്ചു പോകുകയോ നിരാശനാകുകയോ ചെയ്തു, മടങ്ങി. അദ്ദേഹം സൈന്യത്തിലായിരുന്നു. അതിനു ശേഷം കാബൂൾ യുദ്ധത്തിന് പോയി. അവിടുന്നുള്ള മടക്കത്തിൽ ഒരു ലജ്ജിതഹൃദയത്തോടു കൂടി ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ ഹാജരായി. ഹദ്റത് സാഹിബ് കണ്ടപ്പോൾ തന്നെ പറഞ്ഞു. കാബൂളിൽ നിന്ന് കത്തയക്കാറുണ്ടാ

യിരുന്ന മുൻശി ജലാലുദ്ദീൻ സാഹിബ് താങ്കൾ തന്നെയാണൊ? അദ്ദേഹത്തിന് അല്ലാഹു പല തവണ മാർഗ്ഗദർശനം നൽകിയിരുന്നു. എന്നാൽ മാർഗ്ഗത്തിൽ വിഘ്നം സൃഷ്ടിക്കുന്നവർ ധരാളമുണ്ടാകും. നിയ്യത്തുമായി പുറപ്പെട്ട അന്ന് അദ്ദേഹത്തിന് ബയ്അത്തിനുള്ള തൗഫീഖ് ലഭിച്ചില്ല. എന്തായാലും ഭാഗ്യവാനായിരുന്നു. അദ്ദേഹത്തിന് പിന്നീട് അവസരം നൽകി.

ഹദ്റത് മുഹമ്മദ് അബ്ദുല്ലഹ് സാഹിബ് ജിൽദ്സാസ് അദ്ദേഹം മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ പുത്രനാണ്.1902 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. 1903 ൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ദുആകളുടെ പരിണതഫലമാകുന്നു, ഞാൻ കുട്ടിക്കാലത്തും ഹദ്റത് മസീഹ് മൗഊദിന്റെ പരിശുദ്ധവദനം സ്വപ്നത്തിൽ കണ്ടിരുന്നു. ഞാൻ സ്വയം എന്നെ പക്ഷികളെ പോലെ പറക്കുന്നതായി കണ്ടു. പൂർവദിക്കിലേക്കാണ് പറക്കുന്നത്. മുന്നോട്ട് പോയപ്പോൾ ഒരു സാത്വികനെ കണ്ടു. അദ്ദേഹത്തിന്റെ താടിയും തലമുടിയും മൈലാഞ്ചി നിറമുള്ളതായിരുന്നു. 1903 ൽ മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ എത്തിയപ്പോൾ പറന്ന് നടന്ന് കണ്ട ആ രൂപം ഹദ്റത് മസീഹ് മൗഊദ് (അ)ന്റെതായിരുന്നുവെന്ന് മനസ്സിലായി.

1901 ൽ ബയ്അത്ത് ചെയ്ത ഹദ്റത് റഹ്മത്തുല്ലാഹ് സാഹിബ് പറയുന്നു. ഒരിക്കൽ ജൽസ സമീപസ്ഥമായി. വിനീതൻ ദു:ആയും ഇസ്തിഖാറയും ചെയ്തു. മയക്കത്തിൽ ഏതാനും തവണ നാവിൽ ഈ വാക്കുകൾ വന്നു. "ബ ഖുശൂദ് ഏ ജവാന താബിഅ്ദീൻ ഖുവ്വത്ത് ശുഅൻ പൈദ" അതായത് അല്ലയോ യുവാക്കളെ! നിങ്ങൾ പരിശ്രമിക്കുക. ദീനിൽ ദൃഢതയുണ്ടാക്കുക അതായത് ദീനി സേവനത്തിലേക്ക് ശ്രദ്ധിക്കുക. പറയുന്നു. اَلْحَمْدُ لِلّٰهِ. വിനീതൻ എല്ലാ ജൽസയിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹുസൂറിന്റെ സവിധത്തിൽ സുഹൃത്തുക്കളോടൊപ്പം സന്നിഹിതനാകുമായിരുന്നു.

ഹ: ഖാൻ സാദാ അമീറുല്ലാഹ് ഖാൻ സാഹിബ് പറയുന്നു. അദ്ദേഹം 1904 ലായിരുന്നു ബയ്അത്ത് ചെയ്തത്. 1905 ലോ 1906 ലോ ആണ് മസീഹ് മൗഊദ് (അ) സന്ദർശിച്ചത്. പറയുന്നു, ഖാദിയാനിൽ പോകുന്നതിന് മുമ്പ് ഞാനൊരു സ്വപ്നം കണ്ടു. പകൽ സമയത്ത് ഞാൻ സ്വപ്നത്തിൽ കാണുന്നു, ഞങ്ങൾ മൂന്ന് അഹ്മദികളുണ്ട്. വിനീതൻ അമീറുല്ലാഹ് അഹ്മദി, മർഹൂം ബാബു ആലംഗീർഖാൻ ലാഹോറി, ദിലാവർ ഖാൻ. എന്റെ അഭിപ്രായത്തിൽ ലാഹോറി ദിലാവർ ഖാൻ ആയിരിക്കും തെക്ക് ഭാഗത്തുള്ള വരിയിൽ നിൽക്കുകയാണ്. ഞങ്ങളുടെ മുന്നിലായി ഹദ്റത് മസീഹ് മൗഊദ് (അ) മും ഖലീഫ അവ്വൽ നൂറുദ്ദീൻ (റ) നിൽക്കുന്നുണ്ട്. മസീഹ് (അ) കൈ നീട്ടി എന്റെ നെഞ്ചിലേക്ക് വിരൽ ചൂണ്ടി ഖലീഫ അവ്വൽ (റ) നോട് പറഞ്ഞു. ഇത് സ്വർഗ്ഗവാസിയാണ്. രണ്ടാമത്തെ വ്യക്തിയിലേക്കും വിരൽ ചൂണ്ടി ഇത് തന്നെ പറഞ്ഞു. മൂന്നാമത്തെ വ്യക്തിയെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. മസീഹ് മൗഊദ് (അ) നു നേരെ ഞാൻ സൂക്ഷിച്ചു നോക്കികൊണ്ടിരുന്ന കാരണത്താൽ രണ്ട് അഹ്മദികളിൽ ആരുടെ നേർക്കാണ് മസീഹ് മൗഊദ് (അ) ചൂണ്ടികാണിച്ചതെന്ന് കണ്ടില്ല. പിന്നീട് ദൃശ്യം പെട്ടെന്ന് മാറി. ഞാൻ കാണുന്നു, ഞങ്ങൾ 4 അഹ്മദികൾ, വിനീതൻ, മൗലവി അതാഉല്ലാ മർഹൂം, ആലംഗീർ ഖാൻ, ദിലാവർ ഖാൻ ലാഹോറി എന്നിവർ റൊട്ടികഴിക്കാനിരിക്കുന്നത് പോലെ ഒന്നിച്ചിരിക്കുന്നു. ഞങ്ങൾ പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ചിലർ പറയുന്നു. ഞാൻ പരുന്താണ്. ചിലർ പറയുന്നു ഞാൻ കഴുകനാണ്. ഒരാൾ പറയുന്നു ഞാൻ പ്രാവാണ്. മറ്റൊരാൾ പറയുന്നു ഞാൻ ചെമ്പോത്താണ്. അപ്പോൾ ഖലീഫ അവ്വൽ കടന്നു വന്നു പറഞ്ഞു. ഞാൻ പരുന്താണ്, കഴുകനാണ്, പ്രാവാണ്, ചെമ്പോത്താണ് എന്ന് പറയുന്നതിന് വേണ്ടിയല്ല നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്. പറയുക, **ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ്.** രണ്ട് മൂന്ന് പ്രാവശ്യം കലിമ ചൊല്ലിയതിനു ശേഷം സ്വപ്നത്തിൽ നിന്ന് ഉണർന്നു. ളുഹറിന്റെ സമയമായിരുന്നു. മതിലിന്റെ തണൽ ഒരു ചാൺ ഉണ്ടായിരുന്നു. അടുത്ത വർഷം ഞാൻ ഖാദിയാനിൽ പോയപ്പോൾ സ്വപ്നത്തിൽ കണ്ട അതേ രൂപം മസീഹിന്റെയും ഖലീഫ അവ്വലിന്റെയും കണ്ടു.اَلْحَمْدُ لِلّٰهِ രണ്ടാമത്തെ സ്വപ്നത്തെ കുറിച്ച് പറയുന്നു. ഖാദിയാനിൽ ഖലീഫ അവ്വലിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹകീമുൽ ഉമ്മത്ത് ഖലീഫ അവ്വൽ (റ) ന്റെ ചികിത്സയിൽ 22 ദിവസം കഴിഞ്ഞിരുന്നു. ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബ് മർഹൂം, ഡോ. മിർസാ യഅ്കൂബ് ബേഗ് സാഹിബ്, കൂടാതെ മറ്റ് രണ്ട് അഹ്മദി ഡോക്ടർമാരിൽ നിന്നും രോഗനിർണ്ണയം നടത്തി. അവർ ഓപ്പറേഷനു വേണ്ടി പറഞ്ഞു. ഞാൻ സന്തോഷിച്ചു. രാത്രി അതിഥി മന്ദിരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ തലയ്ക്കൽ നിന്ന് കൊണ്ട് പറയുന്നു, രാത്രി കണ്ട സ്വപ്നമാണ് ഓപ്പറേഷൻ വേണ്ട, പ്ലേഗാണ്. വ്യാഖ്യാനവും എനിക്ക് മനസ്സിലാക്കി തന്നു. പ്ലേഗ് മരണമാകുന്നു. ഞാൻ പ്രഭാതത്തിൽ ഖലീഫ അവ്വലിനോട് ഈ സ്വപ്നത്തെ സംബന്ധിച്ച് പറഞ്ഞു. ഖലീഫ അവ്വൽ പറഞ്ഞു. മസീഹ് മൗഊദ് (അ) പറയുന്നത് ഓപ്പറേഷൻ വേണ്ട എന്നാണ്. മൂന്നാമത്തെ സ്വപ്നത്തെ കുറിച്ച് പറയുന്നു. സ്വന്തം വീട്ടിൽ വെച്ച് സ്വപ്നം കണ്ടു. ഞാൻ ജൽസാ സാലാനയിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മസീഹ് മൗഊദ് (അ) പറഞ്ഞു. ഹാമിദലിയേയും ശ്രദ്ധിക്കണം അങ്ങിനെ ഞാൻ ജൽസാസാലാനയിൽ ഖാദിയാനിൽ എത്തി. ഒരു രൂപ മസീഹ് മൗഊദ് (അ) ന്റെ സേവകനായിരുന്ന ഹാമിദലിക്ക് നൽകി. പറയുന്നു. ഞാൻ മസീഹ് മൗഊദിന്റെ സേവകനായ ഹാമിദലിക്ക് കത്തെഴുതി. സ്വപ്നത്തിൽ മസീഹ് മൗഊദ് (അ) ഹാമിദലിയേയും ശ്രദ്ധിക്കണം എന്ന കൽപന നൽകി. അതിനാൽ ഒരു രൂപ താങ്കളുടെ സന്നിധിയിൽ സമർപ്പിക്കുന്നു. ഹാമിദലി സാഹിബ് ഇത് കേട്ടപ്പോൾ കരഞ്ഞു. തുടർന്ന് പറഞ്ഞു പ്രവാചകന്മാർ എത്ര ദയാലുവും കാരുണ്യവാനും ആകുന്നു. തങ്ങളുടെ സേവകരെ കുറിച്ചും അവർക്ക് ചിന്തയുണ്ട്. അപ്പോൾ തന്റെ പ്രിയ മക്കളെ കുറിച്ചുള്ള ചിന്തയുണ്ടാവില്ലെ? ലാഹോറിൽ ഒരു നാണം കെട്ടയാളും അയാളുടെ ചിന്താഗതിക്കാരും മസീഹ്(അ) ന്റെ അഹ്ലെ ബൈത്തിനുമേൽ അനുചിതമായ അക്രമണങ്ങൾ നടത്തുന്നു. ആ സമയത്ത് ലാഹോരികളായവരെ സംബന്ധിച്ചാണ് സ്വപ്നത്തിൽ പറയുന്നത്. ഹദ്റത് മസീഹ് മൗഊദ് (അ) ന് തന്റെ മക്കളെ സംബന്ധിച്ച് ചിന്തയുണ്ടാവില്ലെ ? ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയെയാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്

നൂർ മുഹമ്മദ് സാഹിബിന്റെ പുത്രനായ ഹദ്റത് മുഹമ്മദ് ഫാളിൽ സാഹിബ് പറയുന്നു, 1899 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. പറയുന്നു. ഒരിക്കൽ വീട്ടിലായിരുന്ന സമയത്ത് എന്റെ അളിയനായ ഒരു മൗലവി ശേഖ് മുഹമ്മദ് കാണുവാനായി വന്നു. അദ്ദേഹം എനിക്കൊരു പുസ്തകം തന്നു. അതിന്റെ പേര് ശഹാദത്തുൽ ഖുർആൻ അലാനുസൂലിൽ മസീഹുൽ മൗഊദ് ഫീ ആഖിരിസമാൻ എന്നായിരുന്നു. രാത്രി സമയമായിരുന്നു. എപ്പോഴാണ് നേരം വെളുക്കുക, എപ്പോഴാണ് ഈ പുസ്തകം വായിക്കുക എന്ന ആവേശം ഉള്ളിൽ അലതല്ലി. പ്രഭാതമായപ്പോൾ ഞാൻ നമസ്ക്കരിച്ചതിനു ശേഷം കട്ടിലിൽ കിടന്ന് കൊണ്ട് ആ പുസ്തകം വായിക്കാൻ തുടങ്ങി. ഏകദേശം 3 പേജുകൾ വായിച്ചിട്ടുണ്ടാകും എനിക്ക് മയക്കം വന്നു. ഞാൻ കാണുകയാണ്, അതേ കട്ടിലിൽ എന്റെ തലയ്ക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) വന്നിരിക്കുന്നു. തന്റെ പരിശുദ്ധ വായിൽ നിന്ന് പരിശുദ്ധ ഉമിനീർ എടുത്ത് എന്റെ വായിൽ ഇടുന്നു. സ്വന്തം കൈ കൊണ്ടാണ് ഇടുന്നത്. ഞാനതിനെ വിഴുങ്ങുകയാണ്. അപ്പോൾ എന്റെ ഹൃദയത്തിൽ നിന്ന് ജലധാര പുറപ്പെടുന്നതായി എനിക്കനുഭവപ്പെട്ടു. സന്തോഷത്താൽ നെഞ്ച് നിറഞ്ഞു. പിന്നെ ഞാൻ ഉണർന്നതോടു കൂടി എന്റെ ഹൃദയത്തിൽ വിശ്വാസം വർദ്ധിച്ചു. സ്നേഹത്തിന്റെ അഗ്നി ജ്വലിക്കാൻ തുടങ്ങി. എന്റെ ഹൃദയത്തിലെ അസ്വസ്ഥതയും പരിഭ്രമവും ഇല്ലാതായികൊണ്ടിരിന്നു. ഏകനായി സഞ്ചരിക്കുമ്പോഴെല്ലാം തന്നെ എന്റെ നാവിൽ ഈ പദ്യ ശകലം ഉണ്ടാകും

*ഫിർതാഹൂം ബിൻ സനം ഹോകെ ദീവാന ഹൂബഹൂ*
*ശഹർ ബ ശഹർ ദേവ് ബദേ ഖാന ബ ഖാന ഹൂബഹൂ.*

ശഹാദത്തുൽ ഖുർആൻ എന്ന പുസ്തകത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഹദീസ് കൊണ്ട് എങ്ങിനെയാണ് മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യം സ്ഥാപിതമാകുന്നത്, ചില ഹദീസുകൾ വിശ്വാസയോഗ്യം തന്നെയല്ല എന്ന് ആക്ഷേപകർ ആരോപണം ഉന്നയിച്ചപ്പോഴാണ് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥം എഴുതിയത്. അങ്ങിനെ എല്ലാ സംശയങ്ങളും ദൂരീകരിച്ചു. ആ വ്യക്തിക്ക് സംതൃപ്തിയായില്ലെങ്കിലും ധാരാളം വ്യക്തികൾക്ക് ഈ പുസ്തകം ഉപകാരപ്രദമായി.

ഹദ്റത്ത് ശേഖ് ഫത്ഹ് മുഹമ്മദ് സാഹിബ് മുൻ പഠ്വാരി വോഞ്ചുവാ നിവേദനം ചെയ്യുന്നു, ഒരു സ്വപ്നം കണ്ടു. ഹുസൂർ(അ) ബട്ടാല റോഡിൽ തഹ്സീലിന് മുന്നിലൂടെ ഉലാത്തുകയാണ്. ഹുസൂർ എനിക്ക് ഒരു രൂപ തന്നുകൊണ്ട് രാജ്ഞിയുടെ ചിത്രത്തിൽ ക്രോസ്സ് ചിഹ്നം വരച്ചു. എന്നിട്ട് പറഞ്ഞു ഇത് ഖജനാവിൽ കൊടുത്ത വരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ സ്വപ്നം വിവരിച്ചപ്പോൾ ഹുസൂർ പറഞ്ഞു, രാജ്ഞി മുസ്‌ലിമാകുകയില്ല.

മുഗൾ സാഹിബ് എന്നറിയപ്പെടുന്ന മിയാൻ അബ്ദുൽ അസീസ് സാഹിബ് നിവേദനം ചെയ്യുന്നു. 1892ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. അഹ്മദിയായിരുന്ന ചൗധരി അബ്ദുർ റഹീം സാഹിബ് ഒരു സ്വപ്നം കണ്ടു. നബിതിരുമേനി(സ)യുടെ വാച്ച് ശരിയാക്കുന്നതിനായി എന്റെ പക്കൽ എത്തി; പറയുന്നു. യാദൃശ്ചികമായി ഞാൻ -മിയാൻ മുഗൾ സാഹിബ് - വാച്ച് നന്നാക്കാനായി കൊടുത്തു. ഇത് ഹദ്റത്ത് കൂടുതൽ വിശ്വാസം കൈ വന്നു. കാരണം ആ കാല ഘട്ടത്തിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുടെ ഖിലാഫത്തിനെ സംബന്ധിച്ച് ധാരാളം ഫിത്നകളുണ്ടായിരുന്നു.

ഹദ്റത് മിയാൻ മീരാ ബഖ്ശ് സാഹിബ് ടെയ്‌ലർ മാസ്റ്റർ പറയുന്നു. 1900 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. എന്റെ സഹോദരൻ ഗുലാം റസൂൽ സാഹിബ് എന്നെക്കാൾ മുമ്പ് അഹ്മദിയായിരുന്നു. എന്നാൽ നിരക്ഷരനായിരുന്നു. ഞാൻ കടയിൽ നിന്ന് സ്വന്തം വീട്ടിലേക്ക് പോകുമ്പോൾ വഴിയിൽ അദ്ദേഹത്തെ കാണുമായിരുന്നു. അദ്ദേഹത്തോട് ജമാഅത്തിനെ കുറിച്ചും സംസാരിക്കുമായിരുന്നു. ഞാൻ എതിരാളിയായിരുന്ന കാരണത്താൽ കള്ളവാദി എന്നു പറയുമായിരുന്നു. എന്നാൽ വീട്ടിലെത്തി ചിന്തിക്കുമ്പോൾ നിരക്ഷരനാണെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾക്ക് മറുപടിയുണ്ടായിരുന്നില്ല. ഒരിക്കൽ എന്റെ സഹോദരൻ എനിക്ക് ചില tract നൽകി. ഞാനത് വായിച്ചു. അത് എന്നിൽ ശക്തമായ സ്വാധീനം ചെലുത്തി. അപ്പോൾ മുതൽ ഞാൻ അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യാൻ തുടങ്ങി. ഒരു രാത്രി സ്വപ്നം കണ്ടു. ഞാനെന്റെ കട്ടിലിൽ നിന്നെഴുന്നേറ്റ് മൂത്രമൊഴിക്കാൻ പോകുമ്പോൾ ജനാല തുറന്നു കിടക്കുന്നതായി കാണുന്നു. ജനാല എങ്ങിനെ തുറന്നു എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. ജനാലക്കരികിലേക്ക് ചെന്നപ്പോൾ ഒരു സാത്വികൻ കയ്യിൽ പുസ്തകമെടുത്ത് വെച്ച് വായിക്കുന്നതായി കണ്ടു. നിങ്ങൾ വായിക്കുന്നത് ഏത് പുസ്തകമാണെന്ന് ഞാൻ ചോദിച്ചു. മറുപടി പറഞ്ഞു, ഇത് മിർസാ സാഹിബിന്റെ ഗ്രന്ഥമാണ്. നിങ്ങൾക്ക് വേണ്ടിയാണ് നാമിത് കൊണ്ടു വന്നിട്ടുള്ളത്. അദ്ദേഹം ഗ്രന്ഥം നൽകിയപ്പോൾ ഞാൻ പറഞ്ഞു. ഇത് ചെറിയ ബൈന്റിങ്ങുള്ള ഗ്രന്ഥമാണ്. ഞാൻ tract കണ്ടിട്ടുണ്ട്. അത് വലിയ ചട്ടയുള്ളതാണ്. അപ്പോൾ ആ വ്യക്തി പറഞ്ഞു. മിർസാ സാഹിബ് ഇത് ചെറിയ പുസ്തകമായാണ് പ്രസിദ്ധീകരിച്ചത്. അപ്പോൾ ഞാൻ ഉണർന്നു. ഞാൻ രാത്രി ഈ ചിന്തയിൽ ദു:ആ ചെയ്ത് കൊണ്ട് കിടന്നതിന്റെ സ്വാധീനമാകാം ഇത് എന്ന് ചിന്തിച്ചു. എന്നാൽ ളുഹർ നമസ്കാരത്തിനായി വീട്ടിലേക്ക് വന്നപ്പോൾ ഗുലാം റസൂലിന്റെ കടയിൽ ഒരു വ്യക്തിയിരുന്ന് പുസ്തകം വായിക്കുന്നതായി കണ്ടു. ഇത് ഏത് പുസ്തകമാണ് വായിക്കുന്നതെന്ന് ചോദിച്ചപ്പോൾ ഗുലാം റസൂൽ സാഹിബ് അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് പുസ്തകം വാങ്ങി എന്റെ കയ്യിൽ തന്നു കൊണ്ട് പറഞ്ഞു, നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് നിങ്ങൾക്കായിട്ടാണ് ഞാനീ പുസ്തകം കൊണ്ടു വന്നത്, ഇത് നിങ്ങളെടുത്താലും. ഞാൻ പുസ്തകം നോക്കികൊണ്ട് പറഞ്ഞു. ഈ പുസ്തകം രാത്രി സ്വപ്നത്തിൽ എനിക്ക് ലഭിച്ചു കഴിഞ്ഞു. അങ്ങിനെ ഞാൻ ഈസാലയെ ഔഹാമിലെ രണ്ടു ഭാഗങ്ങളും സൂക്ഷമമായി വായിച്ചു. പിന്നീട് ഇനിയും സംശയം ബാക്കിയുണ്ടോ എന്ന് മനസ്സിനോട് ചോദിച്ചു. ഇപ്പോൾ ഒരു സംശയവും സന്ദേഹവും ബാക്കിയില്ല എന്ന് മറുപടി പറഞ്ഞു. അങ്ങിനെ ഞാൻ ബയ്അത്തിനുള്ള കത്തെഴുതി. അതായത് ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്നെ സ്വപ്നം പൂർത്തിയായി. അങ്ങിനെ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ പങ്കാളിയാവാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് നൽകി.

മസീഹ് മൗഊദ്(അ)ന്റെ വാച്ചായിരുന്നു. ഹദ്റത്ത് അമ്മാ ജാൻ അദ്ദേഹത്തിന് നൽകുകയായിരുന്നു. സ്വപ്നം കണ്ട വ്യക്തി അനഹ്മദിയായിരുന്നു. അദ്ദേഹം കാണുന്നത്. നബി തിരുമേനി(സ)യുടെ വാച്ച് നന്നാകാനായി കൊണ്ടു വന്നിരുന്നു. കുറച്ച് കാലശേഷം മുഗൾ സാഹിബ് ഒരു വാച്ച് ശരിയാക്കാനായി അദ്ദേഹത്തിന് -സ്വപ്നം കണ്ട വ്യക്തിക്ക് - നൽകി. അദ്ദേഹം ആ വാച്ച് തുറന്നപ്പോൾ പറയാൻ തുടങ്ങി, ഇത് നബി(സ) തിരുമേനിയുടെ വാച്ചാണ്. സ്വപ്നത്തിൽ എനിക്ക് കാണിച്ചു തന്ന അതേ രൂപമാണ്.

ഹദ്റത്ത് അമീർ ഖാൻ സാഹിബ് പറയുന്നു. 1903ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. 1902ൽ സ്വപ്നത്തിൽ ഞാൻ മസ്ജിദ് മുബാറക്കിനെ വൃത്താകൃതിയിലുള്ള കൊട്ടാരത്തിന്റെ രൂപത്തിൽ കണ്ടു. അതിനുള്ളിൽ ധാരാളം സൃഷ്ടികളുണ്ടായിരുന്നു. എല്ലാവരുടെ കയ്യിലും ഓരോ ചുവന്ന കൊടിയുണ്ടായിരുന്നു. അതിൽ ഏറ്റവും മാന്യനായ വ്യക്തി മുകളിലത്തെ നിലയിലായിരുന്നു. ഇതാരാണെന്ന് നിങ്ങൾക്കറിയുമോ എന്ന് ആരോ എന്നോട് ചോദിച്ചു, ഞാൻ പറഞ്ഞു എനിക്കറിയില്ല. അപ്പോൾ അയാൾ പറഞ്ഞു , ഇത് നിന്റെ കാബൂളിന്റെ സഹോദരനാണ്. അദ്ദേഹത്തിനായി ഗോപുരത്തിൽ സുഷിരങ്ങളുണ്ടായിരുന്നു. അതിലൂടെ പുറത്തുള്ള ശത്രുക്കളെ സുഗമമായി ലക്ഷ്യം വെക്കാമായിരുന്നു. എന്നാൽ പുറത്തുള്ളവർക്ക് ഭിത്തി കാരണത്താൽ ഉന്നം പിടിക്കാൻ കഴിയില്ലായിരുന്നു. കൊട്ടാരത്തിനു പുറത്ത് പൊടിപടലങ്ങൾ ധാരാളമായിരുന്നു. അക്കാരണത്താൽ ആളുകളെ തിരിച്ചറിയാൻ പോലും ബുദ്ധിമുട്ടായിരുന്നു. കഴുതകളുടെയും, കുതിരകളുടേയും, ഒട്ടകങ്ങളുടെയും ശബ്ദകോലാഹലങ്ങളും അധികമായിരുന്നു. അത് കേട്ട് ഭീതിയാൽ ഹൃദയം സ്തംഭിച്ച് പോകുമായിരുന്നു. ഞാൻ കോട്ടയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ എല്ലായിടത്തും മൃതദേഹങ്ങൾ മാത്രമാണ് കാണുന്നത്. അവയെ എടുത്ത് കോട്ടയിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കോട്ടയിൽ നിന്ന് അൽപ ദൂരത്തെത്തിയപ്പോൾ ശബ്ദകോലാഹലങ്ങൾ എന്നെ അസ്വസ്ഥനാക്കി. അപ്പോൾ ഞാൻ ഭയപ്പെട്ട് കോട്ടയിലേക്ക് മടങ്ങി. കോട്ടയിൽ പ്രവേശിക്കുന്നതിനായി കവാടം അന്വേഷിക്കാൻ തുടങ്ങി. എന്നാൽ ഒരു കവാടവും കണ്ടില്ല. ആ അന്വേഷണത്തിനിടയിൽ സാദാ വേഷധാരിയായ മാന്യയായ ഒരു വ്യക്തിയെ കണ്ടു. അദ്ദേഹവും കോട്ടയിൽ പ്രവേശിക്കുവാനുള്ള ശ്രമത്തിലായിരുന്നു. എന്നാൽ വാതിൽ അദ്ദേഹത്തിനും ലഭിച്ചില്ല. ഞങ്ങൾ വാതിൽ അന്വേഷിച്ചുകൊണ്ടിരുന്ന സമയത്ത് കോട്ടയുടെ മുകളിലുള്ള ഉയർന്ന സ്ഥലത്ത് നബി(സ)തിരുമേനി ജമാഅത്തായി നമസ്കരിപ്പിക്കുന്നതായി അറിയാൻ കഴിഞ്ഞു. അതുകണ്ടപ്പോൾ ഞങ്ങൾ രണ്ടുപേരും അസ്വസ്ഥരായി. പറയുന്നു; ആ പരിഭ്രമാവസ്ഥയിൽ ഞാൻ കൂടെയുള്ള മറ്റെ വ്യക്തിയുടെ കഴുത്തിൽ രണ്ടു കൈയ്യുമിട്ട് എനിക്ക് എന്റെ പീർ സയ്യിദ് ഗുലാബ് ശാ പറഞ്ഞു തന്നതനുസരിച്ച് അല്ലാഹുവിൻെ ദിക്ർ ചെല്ലാൻ തുടങ്ങി. അതിന്റെ അനുഗ്രഹത്താൽ ഞങ്ങൾ രണ്ട് പേർക്കും പറക്കാനുള്ള കഴിവ് ലഭിച്ചു. അങ്ങിനെ പറന്ന് പറന്ന് ഹുസൂർ(അ) ന്റെ വലതുഭാഗത്ത് രണ്ടുപേർക്ക് മാത്രമുള്ള സ്ഥലം കാലിയായുണ്ടായിരുന്ന ആദ്യസ്വഫ്ഫിൽ നിന്ന് കൊണ്ട് സുജൂദിൽ പങ്കാളികളായി.

സുജൂദിൽ എനിക്ക് ഹുസൂർ(സ) യുടെ വലതുഭാഗത്ത് ആദ്യ സ്വഫ്ഫിൽ ഇടം ലഭിച്ച സൗഭാഗ്യത്തെ അനുഭവിച്ചപ്പോൾ അത്യധികം ആർദ്രതയും മന:സ്താപവും ഉണ്ടായി. അപ്പോഴും അല്ലാഹു എന്ന ദിക്ർ ഉരുവിട്ടുകൊണ്ടേയിരുന്നു. അതേ അവസ്ഥയിൽ ഞാൻ ഉണർന്നപ്പോൾ ശ്വസോഛ്വാസം ദ്രുതഗതിയിലായിരുന്നു. കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. ഉയർന്ന ശ്വസോഛ്വാസം കേട്ടുകൊണ്ട് വീട്ടുകാരും ഉണർന്നു. എന്ത് പറ്റിയെന്ന് ചോദിക്കാൻ തുടങ്ങി. അപ്പോഴും അല്ലാഹു എന്ന ദിക്ർ ഉരുവിട്ടുകൊണ്ടേയിരുന്നു. ശ്വാസം ദ്രുതഗതിയിലായിരുന്നു. അക്കാരണത്താൽ എനിക്ക് മറുപടി പറയാൻ സാധിച്ചില്ല. അതിനാൽ ആവേശത്തെ തണുപ്പിക്കാനായി, മറയിടാനായി ഞാൻ അകത്തെ വരാന്തയിലേക്ക് പോയി. അവസ്ഥ ശരിയായപ്പോൾ വീണ്ടും വന്ന് കട്ടിലിൽ കിടന്നു. പിന്നീട് പറയുന്നു; അത് എന്നിൽ വലിയ സ്വാധീനം ഉണ്ടാക്കി. കുറച്ചുകാലത്തിനു ശേഷം അല്ലാഹു അദ്ദേഹത്തിന് ഹദ്റത് മസീഹ് മൗഊദ്(അ)നെ ബൈഅത്ത് ചെയ്യുന്നതിനുള്ള തൗഫീഖും നൽകി.

ഹദ്റത്ത് മിയാൻ മുഹമ്മദ് ഇബ്റാഹിം സാഹിബ് നിവേദനം ചെയ്യുന്നു; ജന്മനാ അഹ്മദിയായിരുന്നു. 1903ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സന്ദർശിച്ചു. പറയുന്നു, ഞാൻ മസീഹ് മൗഊദ്(അ)നെ ആദ്യമായി കണ്ടത് ഹുസൂർ ജഹ്ലുമിലേക്ക് പോകുമ്പോഴായിരുന്നു. മടക്കത്തിലും കണ്ടിരുന്നു. പിന്നീട് 1904ൽ ലാഹോറിൽ വെച്ചും. പിന്നീട് 1905ൽ ഞാൻ ഖാദിയാനിൽ പോയി. ഖാദിയാനിൽ പോകുന്നതിനു മുമ്പ് ഞാനൊരു സ്വപ്നം കണ്ടിരുന്നു. അതിൽ കാണുന്നത് പിതാവ് വീട്ടിൽ നിന്ന് പുറത്തു പോയിരിക്കുകയാണ്. വീട്ടിൽ ഞാനും എന്റെ ചെറിയ പെങ്ങളും മാത്രമേ ഉള്ളൂ. രണ്ട് വ്യക്തികൾ വാതിൽക്കൽ വന്നു നിൽക്കുന്നതായി കണ്ടു. അവർ വാതിലിൽ മുട്ടുകയും വിളിക്കുകയും ചെയ്തു. ഞാൻ പുറത്തിറങ്ങി വാതിൽ തുറന്നു. അവർ രണ്ടുപേരും എന്റെ അഭ്യർത്ഥനയിൽ അകത്തേക്ക് കടന്നുവന്നു. ഞങ്ങളുടെ വീറ്റുമുറ്റത്ത് ഒരു വിരിപ്പ് വിരിച്ചിരിക്കുന്നതായും മൂന്നു കസേരകൾ ഇട്ടിരിക്കുന്നതായും ഞാൻ കണ്ടു. മുന്നിൽ ഒരു മേശയുമുണ്ട്. ഞാനവരെ കസേരയിലിരുത്തി. അതായത് ആ അതിഥികളെ. സ്വപ്നത്തിൽ തന്നെ ചെറിയ പെങ്ങളോട് പറഞ്ഞു, അവർക്കായി ചായ ഉണ്ടാക്കുക. അവൾ മച്ചിനു മുകളിൽ ഇന്ധനം എടുക്കാനായി പോയി. അക്കാലത്ത് ഗ്യാസൊന്നും ഉണ്ടായിരുന്നില്ല. അടുപ്പ് കത്തിക്കാനായി വിറകോ മറ്റെന്തെങ്കിലുമാണുണ്ടായിരുന്നത്. വീടിനു മുകളിലുള്ള ആ ഇന്ധനം എടുക്കുന്നതിനായി പോയി. ഏണിപ്പടിയിൽ കയറിയപ്പോൾ തന്നെ കറുത്ത നല്ല വണ്ണവും പൊക്കവുമുള്ള കാള അകത്തേക്ക് വന്നു. ആ വ്യക്തികളെ കണ്ടപ്പോൾ അത് ഉടൻ തിരിഞ്ഞ് കോണി കയറാൻ തുടങ്ങി. എന്റെ പെങ്ങളെ കൊല്ലുമോ എന്ന് പറഞ്ഞ് ഞാൻ ബഹളം വെച്ചു. ശബ്ദം കേട്ട് ആദ്യം കറുത്ത താടിയുള്ള അതിഥി എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ ചുവന്ന താടിയുള്ള വ്യക്തി പറഞ്ഞു, ഈ ജോലി താങ്കൾ എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അതിനാൽ ഇത് എന്റെ ജോലിയാണ്. അങ്ങിനെ അദ്ദേഹം അങ്ങോട്ട് പോയി. ഞാനും പിറകെ ചെന്നു.

സഹോദരി മതിലിനോട് ചേർന്നു നിൽക്കുകയായിരുന്നു. ചില പോറലുകൾ പറ്റിയിരുന്നെങ്കിലും മുറിവൊന്നുമില്ലായിരുന്നു.  ഞങ്ങൾ മുകളിലേക്ക് പോയി. കാള പശ്ചിമദിക്കിലുള്ള മതിലിനടുത്തായിരുന്നു. അതിന്റെ രൂപം മാറിയിരുന്നു. എഞ്ചിന്റെ രൂപമായിരുന്നു. മതിലിന്റെ മുന്നോട്ടും പിന്നോട്ടും അത് നിങ്ങാൻ തുടങ്ങി.

മതിലിന്റെ അവസാനകോണിൽ എത്തിയപ്പോൾ ആ അതിഥി വടി കൊണ്ടതിനെ അടിച്ചു. അപ്പോൾ അത് പിന്നിലേക്ക് വീണ് ഛിന്നഭിന്നമായി. ഞങ്ങൾ മടങ്ങിവന്നു. ആ അതിഥി വീണ്ടും കസേരയിലിരുന്നു. ചായ കുടിച്ചു. എന്നേയും കുടിപ്പിച്ചു. ചായ കുടിച്ചതിനു ശേഷം കുറച്ചുനേരം അവർ അവിടെ തന്നെ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്നു. പിന്നീട് പറഞ്ഞു, സഹോദരാ, നേരം വൈകി, പോകുവാനായി ഞങ്ങൾക്ക് അനുമതി നൽകിയാലും. ഞാൻ പറഞ്ഞു, നിങ്ങൾ ആരാണെന്ന് പറഞ്ഞാലും. എങ്കിലേ എനിക്ക് പിതാവിനോട് പറയാൻ സാധിക്കുകയുള്ളൂ.

എന്റെ അഭ്യർത്ഥന കേട്ടപ്പോൾ രണ്ടുപേരും മന്ദമായി പുഞ്ചിരിച്ചു. കറുത്ത താടിയുള്ള വ്യക്തി പറഞ്ഞു, എന്റെ പേര് മുഹമ്മദ് എന്നാകുന്നു. ഇദ്ദേഹത്തിന്റെ പേര് അഹ്മദ് എന്നാകുന്നു. ഇത് കേട്ടപ്പോൾ ഞാൻ നബിതിരുമേനി(സ) യുടെ കോന്തല പിടിച്ചുകൊണ്ട് പറഞ്ഞു, എനിക്കെന്തിലും പറഞ്ഞുതന്നാലും. അദ്ദേഹം അറബി ഭാഷയിൽ  ഒരു വചനം പറഞ്ഞു. അതെനിക്ക് ഓർമ്മയില്ല. എന്നാൽ അതിന്റെ സാരം അപ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നു. അതിപ്രകാരമാണ്, നിന്റെ ജീവിതത്തിന്റെ കുറച്ചു ദിനങ്ങൾ വളരെ നല്ല നിലയിൽ കഴിഞ്ഞുപോകും. പിന്നെ ഞാൻ ഹസ്തദാനം ചെയ്തു. അദ്ദേഹം പറഞ്ഞു, പിതാവിന് ഞങ്ങളുടെ അസ്സലാമു അലൈക്കും പറയണം. പിന്നീട് പുറത്തേക്കിറങ്ങി. ഞാനവർക്ക് വിട പറഞ്ഞു. അവർ പോയ ശേഷം സ്വപ്നത്തിൽ തന്നെ എന്റെ പിതാവ് വന്നു. ഞാൻ എല്ലാ സംഭവങ്ങളും കേൾപ്പിച്ചു. അദ്ദേഹം ഉടൻ പുറത്തിറങ്ങി. പറയുന്നു; അന്നേരം ഞാൻ ഉണർന്നു. അതിനു കാരണം എന്റെ പിതാവ് എഴുന്നേൽക്കുക, നമസ്കരിക്കുക എന്ന് വിളിച്ചു പറഞ്ഞതായിരുന്നു. ഞാനെന്റെ പിതാവിനോട് ഈ സ്വപ്നം വിവരിച്ചു. അന്ന് ജുമുആ ആയിരുന്നു. ജുമുആ സമയത്ത് ഞാൻ മുൻശി അഹ്മദ് ദീൻ സാഹിബിന് സ്വപ്നം കേൾപ്പിച്ചു. അദ്ദേഹം ഹദ്റത്ത് അഖ്ദസിന്റെ സവിധത്തിലേക്ക് സ്വയം എഴുതിയോ എന്നെ കൊണ്ട് എഴുതിച്ചോ കത്ത് അയച്ചു. കുറച്ചു ദിവസത്തിനുശേഷം പറഞ്ഞു, ഹദ്റത്ത് സാഹിബ് എഴുതിയിരിക്കുന്നത് ജൽസയിൽ ഈ കുട്ടിയെ കൊണ്ട് വരിക എന്നാണ്. അങ്ങിനെ ഞാൻ ജൽസയിൽ പോയി.

ഞങ്ങൾ മസ്ജിദ് മുബാറക്കിൽ എത്തിയപ്പോൾ രണ്ട് മൂന്ന് മാന്യവ്യക്തികൾ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ അവരുമായി ഹസ്തദാനം നടത്തി. അപ്പോൾ ഹദ്റത്ത് അഖ്ദസ് അവിടെ എത്തി. ഞങ്ങൾ എഴുന്നേറ്റ് നിന്ന് ഹസ്തദാനം ചെയ്തു. പിന്നീട് ഹുസൂർ ഇരുന്നു. മുൻശി അഹ്മദ് ദീൻ സാഹിബ് പറഞ്ഞു. ഹുസൂർ, സ്വപ്നം കണ്ട ആ കുട്ടിയാണിത്. ഹുസൂർ എന്നെ സ്വന്തം മടിയിലിരുത്തി. എന്നിട്ട് ആ സ്വപ്നം കേൾപ്പിക്കാൻ പറഞ്ഞു. ഞാനാ സ്വപ്നം കേൾപ്പിച്ചു. പിന്നീട് അകത്തുനിന്ന് ഭക്ഷണം വന്നു. ഹുസൂറും ഭക്ഷിച്ചു. സുഹൃത്തുകളും കഴിച്ചു. ഹദ്റത്ത് അഖ്ദസ് ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ തബർറുക്ക് ഞങ്ങളിൽ വിതരണം ചെയ്തു.

ഹദ്റത്ത് സയ്യദ് സൈഫുല്ലാഹ് ശാഹ് സാഹിബ് നിവേദനം ചെയ്യുന്നു. 1906ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. 1908ൽ മസീഹ് മൗഊദ് (അ) ന്റെ ദർശനം ലഭിക്കുകയും ചെയ്തു. പറയുന്നു, ഏകദേശം 12,13 വയസ്സുള്ളപ്പോൾ സ്വയം തന്നെ സ്വപ്നത്തിൽ യാരിപുര എന്ന സ്ഥലത്ത്  കണ്ടു. അതുവരെ എനിക്ക് യാരിപുരയെക്കുറിച്ച് അറിയില്ലായിരുന്നു. പറയുന്നു, ആയിരക്കണക്കിന് ആളുകൾ ഒരുമിച്ച് കൂട്ടിയിരിക്കുന്നു. അവിടെ അഹ്മദികളുടെ പള്ളിയുണ്ട്. അവിടെ ഏകദേശം 6,7 അടി ഉയരമുള്ള ഒരു കുന്ന് കാണാൻ സാധിച്ചു. അതിൽ ഒരു വ്യക്തി ഇരിക്കുന്നുണ്ട്. ജനങ്ങൾ ആ കുന്നിന്റെ താഴ്ഭാഗത്ത് നിന്ന് അദ്ദേഹത്തെ ദർശിച്ചുകൊണ്ട് ആദരവോടെ കടന്നുപോകുന്നു. ഇത് ആരാണെന്ന് ഞാൻ ജനങ്ങളോട് ചോദിച്ചു. അപ്പോൾ ഇവിടെ ഇരിക്കുന്നത് റസൂൽ തിരുമേനി(സ) ആണെന്ന മറുപടി ലഭിച്ചു. അപ്പോൾ ഞാൻ സന്തോഷത്താൽ മതിമറന്ന് അനിയന്ത്രിതമായി ആ കുന്ന് ഓടിക്കയറി നബി (സ) യുടെ മുന്നിലെത്തി അസ്സലാമു അലൈക്കും അറിയിച്ചു. ഹുസൂർ വഅലൈക്കുമുസ്സലാം എന്ന് പറഞ്ഞു. പിന്നീട് ഞാൻ അടുത്തേക്ക് നീങ്ങി ആ മഹാത്മാവിന്റെ സമീപത്തിരുന്നു. അപ്പോൾ പെട്ടെന്ന് എന്റെ മനസ്സിൽ എപ്പോഴും ഉണ്ടായിരുന്ന ആഗ്രഹം ഓർമ്മ വന്നു. ഞാൻ മനസ്സിൽ പറഞ്ഞു. ഇപ്പോൾ ഇതിനേക്കാൾ വലിയ ഏത് പീറിന്റെയും മാർഗ്ഗദർശകന്റേയും ആവശ്യമാണ് എനിക്കുള്ളത്? ഞാൻ ഇദ്ദേഹത്തിൽ തന്നെ ബയ്അത്ത് ചെയ്യും. ഞാൻ അഭ്യർത്ഥിച്ചു, അല്ലയോ ഹദ്റത്ത്! ഞാൻ ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഹുസൂർ പറഞ്ഞു; ശരി, കൈ നീട്ടുക. ഞാൻ കൈ കൊടുത്തപ്പോൾ ഹുസൂർ(സ) എന്റെ വലതുകയ്യ് സ്വന്തം കൈകളാൽ പിടിച്ചുകൊണ്ട് പറഞ്ഞു, പറയുക **അല്ലാഹുറബ്ബീ**. അപ്പോൾ ഞാൻ **അല്ലാഹുറബ്ബീ** എന്ന് പറഞ്ഞു. അപ്പോഴേക്കും ഞാൻ ഉണർന്നു.

ഉണർന്നപ്പോൾ, ഞാൻ റസൂൽ തിരുമേനി(സ) ദർശിക്കുകയായിരുന്നു. എന്നാൽ കഷ്ടം തന്നെ പെട്ടെന്ന് ഉണർന്നു എന്നതിൽ എനിക്ക് കടുത്ത നിരാശ തോന്നി. അതിനുശേഷം ആ പരിശുദ്ധരൂപം എപ്പോഴും എന്റെ മുന്നിൽ വരുമായിരുന്നു. പ്രകാശിതവദനത്തിന്റെ പ്രതിഛായ എന്റെ ഹൃദയത്തിൽ നിന്ന് മായുന്നുണ്ടായിരുന്നില്ല. എന്റെ ഹൃദയത്തിൽ ആ രൂപം പതിച്ചതു പോലെയായിത്തീർന്നു. സ്വപ്നത്തിന്റെ വ്യഖ്യാനം പിന്നീട് മനസ്സിലാകും. തുടർന്ന് എഴുതുന്നു. പിന്നീട് ഒരു നീണ്ട കാലം കഴിഞ്ഞുപോയി. ആ സമയത്തുള്ള വിവിധ അവസ്ഥകൾ അദ്ദേഹം പരാമർശിക്കുന്നുണ്ട്. അവസാനം അദ്ദേഹത്തിന് ഖാദിയാനിൽ പോകുന്നതിനുള്ള അവസരം ലഭിച്ചു. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ദർശിച്ചപ്പോൾ പറയുന്നു, എന്റെ ദൃഷ്ടി ആ പരിശുദ്ധ മുഖത്ത് പതിഞ്ഞപ്പോൾ ആ സ്വപ്നത്തിലുള്ള രൂപം എനിക്കോർമ്മ വന്നു. അതായത് പ്രസ്തുത സ്വപ്നത്തിൽ റസൂൽ തിരുമേനി(സ) ന്റെതായി കണ്ട അതേ രൂപം തന്നെയായിരുന്നു മസീഹ് മൗഊദ്(അ)ന്റേത്. അൽപം പോലും വ്യത്യാ

സം ഉണ്ടായിരുന്നില്ല.

ചൗധരി ഗുലാം മുഹമ്മദ് ഹുസൈൻ സാഹിബ് നിവേദനം ചെയ്യുന്നു. 1908 മെയ്‌ലാണ് അദ്ദേഹം മസീഹ് മൗഊദ് (അ) നെ ദർശിച്ചത്. എന്നാൽ ബയ്അത്ത് ചെയ്തിരുന്നില്ല. 1909 ൽ ഖലീഫ അവ്വലിന്റെ കാലത്താണ് ബയ്അത്ത് ചെയ്തത്. പറയുന്നു, 1905 ലെ ഉഷ്ണകാലത്തെ സംഭവമാണ്. അന്ന് ഞാൻ ജലന്തറിൽ ജില്ലയിലെ റാഹ്വാൻ എന്ന സ്ഥലത്തുള്ള മുൻസിപ്പൽ ബോർഡ് സ്കൂളിൽ 8ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഒരു രാത്രി ഞാനൊരു സ്വപ്നം കണ്ടു. ഞാനും ഇസ്ഹ് സമുദായത്തിലെ അബ്ദുല്ലാ എന്ന് പേരുള്ള എന്റെ സഹപാഠിയായ കുട്ടിയും കളിസ്ഥലത്തു നിന്ന് ഞങ്ങളുടെ താമസസ്ഥലമായ ബോർഡിങ്ങ് ഹൗസ് അഹ്‌ലെ ഇസ്ലാമിലേക്ക് വരികയായിരുന്നു. അത് പട്ടണത്തിലെ വലിയ മാർക്കറ്റിനടുത്തായിരുന്നു. ആ മൈതാനം പട്ടണത്തിന്റെ വടക്കുഭാഗത്തായിരുന്നു. അതിനാൽ ഞങ്ങൾ വടക്കുഭാഗത്തുകൂടി പട്ടണത്തിൽ പ്രവേശിക്കുകയായിരുന്നു. അപ്പോൾ അവിടെ ഒരു ഇടനാഴിയിൽ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) യെ കണ്ടു. ഹുസൂറിന്റെ മുഖം പട്ടണത്തിനു അഭിമുഖമായിരുന്നു. അതിനാൽ ഞാൻ പട്ടണത്തിന്റെ ഭാഗത്തേക്ക് പുറം തിരിഞ്ഞ് നിന്നുകൊണ്ട് എന്റെ മുഖം വടക്കോട്ട് ആക്കി ക്കൊണ്ട് ഹുസൂറിനടുത്തേക്ക് നീങ്ങുകയും അസ്സലാമു അലൈക്കും എന്ന് പറയുകയും ചെയ്തു. രണ്ട് കൈ കൊണ്ടും ഹസ്തദാനം ചെയ്തു. ഹുസൂറിന്റെ തലയിൽ വെള്ള തലപ്പാവ് വളരെ ലളിതമായ നിലയിൽ കെട്ടിയിരുന്നു. കറുത്ത നീളമുള്ള കുപ്പായവും വെളുത്ത പൈജാമയുമായിരുന്നു വേഷം. ഗോതമ്പു നിറമായിരുന്നു. മുടി നീണ്ടതായിരുന്നു. കണ്ണുകൾ പാതിയടഞ്ഞതായിരുന്നു. നെറ്റിത്തടം വിശാലവും ഉയർന്നതുമായിരുന്നു. നീളമുള്ള കൈകൾ. മുടി നേരെയുള്ളതും നീണ്ടതും കറുത്തതുമായിരുന്നു. മുഖത്ത് യാതൊരു ചുളിവും ഉണ്ടായിരുന്നില്ല. പ്രത്യുത മനോഹരമായി തിളങ്ങുന്നതും പ്രശോഭിതവും ആയിരുന്നു. ഉയരം ശരാശരിയായിരുന്നു. സ്വപ്നത്തിൽ ഹദ്റത്ത് പ്രപഞ്ചനേതാവുമായി കൂടിക്കാഴ്ച നടത്തി. ഹൃദയത്തിന് ആനന്ദവും പ്രസന്നതയും ലഭിച്ചു. ഹൃദയം സന്തോഷഭരിതമായിരുന്നു. ഉണർന്നപ്പോഴും അതേ ആനന്ദവും സന്തോഷവും ഉണ്ടായിരുന്നു. സ്വപ്നം ഹൃദയത്തിൽ എത്രത്തോളം പതിഞ്ഞുവെന്നാൽ ഇന്ന് ഈ വരികൾ എഴുതുമ്പോഴും ആ പരിശുദ്ധദൃശ്യത്താൽ സന്തോഷവും ആനന്ദവും അനുഭവിക്കുകയാണ്. അത് ഹൃദയത്തിൽ നിന്ന് മായുക അസാധ്യമാണ്. അഹ്മദിയ്യത്തിന്റെ തബ്‌ലീഗ് അദ്ദേഹത്തിലേക്കെത്തിയിരുന്നു. എന്നാൽ അഹ്മദിയായിരുന്നില്ല. പറയുന്നു; ഞാൻ മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചിരുന്നു. ചില പരീക്ഷണങ്ങളിലും ഞാൻ ഈ വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നു. ബയ്അത്ത് ചെയ്തിരുന്നു അദ്ദേഹം. എന്നാൽ അതിനുശേഷം ചില കാരണത്താൽ വിരോധിയായിത്തീർന്നു. ആദ്യം ബയ്അത്ത് ചെയ്തിരുന്നു. എന്നാൽ പിന്നീട് അത് ഉപേക്ഷിച്ചു വിരോധിയായിത്തീർന്നു.

ഈ സ്വപ്നത്തിന് 2 1/2 വർഷങ്ങൾക്കു ശേഷം ഞാൻ 1908 മെയ് 18ന് ഹദ്റത് മസീഹ് മൗഊദ്(അ)നെ ലാഹോറിൽ ആദ്യമായി കണ്ടപ്പോൾ ഉടൻ എനിക്ക് മേൽ വിവരിച്ച സ്വപ്നം ഓർമ്മ വന്നു. കാരണം സ്വപ്നത്തിൽ ഏത് വ്യക്തിയെയാണോ ഹദ്റത് മുഹമ്മദ് റസൂലുല്ലാഹ്(സ) ആയി കണ്ടത് അതേ വ്യക്തിയായിട്ടാണ് ഹദ്റത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ കണ്ടത്. രണ്ടുപേരുടേയും രൂപവും വസ്ത്രവും തികച്ചും സാമ്യതയുള്ളതായിരുന്നു. ആപാദചൂഢം യാതൊരു വ്യതിരിക്തയും ഇല്ലായിരുന്നു. അതേ ആകാരം, ആ ഗോതമ്പ് നിറം, അതേ നീണ്ട മുടി, അതേ തലപ്പാവ്, അതേ വസ്ത്രധാരണം, അതേ കറുത്ത നീണ്ട കുപ്പായം, അതേ വെളുത്ത പൈജാമ. ചുരുക്കത്തിൽ സ്വപ്നത്തിൽ മുഹമ്മദ് റസൂലുല്ലാഹ് (സ) യായി കണ്ട അതേ വ്യക്തി തന്നെയായിരുന്നു. എന്നാൽ എന്റെ സഹപാഠി അബ്ദുല്ലാഹിനു പകരം എന്നോടൊപ്പം ചൗദരി അബ്ദുൽ ഹയ്ഖാൻ സാഹിബ് അഹ്മദി കാഠ്ഗഢിയായിരുന്നു. അദ്ദേഹം പെൻഷനർ പോസ്റ്റ്മാസ്റ്ററായിരുന്നു. യഥാർത്ഥത്തിൽ അബ്ദുൽ ഹയ്യ് അബ്ദുല്ലാ തന്നെയായിരുന്നു. അദ്ദേഹം ഹസ്തദാനം ചെയ്യുക എന്ന് എന്നോട് ആംഗ്യം കാണിച്ചു. അതനുസരിച്ച് ഞാൻ മസീഹ് മൗഊദ് (അ) ന് അസ്സലാമു അലൈക്കും സമർപ്പിച്ചു. മറുപടിയായി വഅലൈക്കുമുസ്സലാം എന്ന് കേട്ടു. എന്റെയും മസീഹ് മൗഊദ് (അ) ന്റെയും ഇടയിൽ കുറച്ചാളുകൾ ഇരിക്കുന്നുണ്ടായിരുന്നു. അതിനാൽ ഞാൻ എഴുന്നേറ്റ് നിന്ന് ഹുസൂറുമായി ഹസ്ത ദാനത്തിനായി കൈ മുന്നോട്ട് നീട്ടിയപ്പോൾ, ഹുസൂറിലേക്ക് എത്തിക്കാതിരിക്കാൻ കഴിയാതിരുന്നപ്പോൾ മസീഹ് മൗഊദ് (അ) സ്വന്തം കാൽമുട്ടിൽ നിന്ന് കൊണ്ട് വിനീതന് ഹസ്തദാനത്തിനുള്ള സൗഭാഗ്യം നൽകി അനുഗ്രഹിച്ചു. അസ്സലാമു അലൈക്കും വ അലൈക്കുമുസ്സലാം എന്നത് ഹസ്തദാന സമയത്തും നടന്നു.

മുഗൾ സാഹിബ് എന്ന മിയാൻ അബ്ദുൽ അസീസ് സാഹിബ് പറയുന്നു, മിർസാ അയ്യൂബ് ബേഗ് സാഹിബ് രാവിലെ എന്റെയടുക്കൽ വന്നു. അബ്ദുൽ അസീസ്, അബ്ദുൽ അസീസ് എന്ന് വിളിച്ചു. ഞാൻ താഴെ വന്നു. എന്റെ സ്വപ്നം കേൾക്കുക എന്ന് പറഞ്ഞു. ഞാനത് വന്ന് കേൾപ്പിക്കാൻ കാരണം, ഞാൻ സുബഹി നമസ്കരിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ അവസ്ഥയിൽ പരിവർത്തനം ഉണ്ടായി. നബി (സ) തിരുമേനി വളരെ വേഗത്തിൽ നടന്നു വരുന്നതായി ഞാൻ കണ്ടു. എന്റെ അടുത്ത് വന്ന് നിന്നു. ഞാൻ ചോദിച്ചു, യാ റസൂലുല്ലാഹ് താങ്കൾ എവിടേക്കാണ് പോകുന്നത്. പറഞ്ഞു, മിർസാ ഗുലാം അഹ്മദിന്റെ സുരക്ഷക്കായി ഖാദിയാനിൽ പോകുന്നു. അതിന് ശേഷം അയ്യൂബ് ബേഗ് പറഞ്ഞു, ഇന്ന് ഖാദിയാനിൽ എന്താണെന്ന് അറിയില്ല. വൈകുന്നേരം മസീഹ് മൗഊദ് (അ) ന്റെ വീട് പരിശേധിച്ചു എന്ന വിവരം ലഭിച്ചു. ലേഖ്റാമിന്റെ വധവുമായി ബന്ധപ്പെട്ട പരിശോധന. അതിനു വേണ്ടി പോലീസുകാർ പരിശോധനക്കായി വന്നിരുന്നത് ഇവർക്കറിയില്ലായിരുന്നു. സ്വപ്നത്തിൽ അല്ലാഹു അവർക്കത് അറിയിച്ചു കൊടുത്തു.

ഇതിന്റെ രിവായത്ത് ഹദ്റത്ത് സയ്യിദ് മുഹമ്മദ് ശാഹ് സാഹിബ് നിവേദനം ചെയ്യുന്നുണ്ട്. പറയുന്നു, ലേഖ്റാമിന്റെ വധവുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വീട് പരിശോധിച്ച ദിവസങ്ങളിൽ ഒരു ദിവസം ഞങ്ങൾ ഇവിടെ ലാഹോറിൽ ലങ്കർ മണ്ഡിയിലുള്ള പള്ളിയിൽ

മിർസാ അയ്യൂബ് ബേഗിന്റെ പിന്നിൽ സുബഹി നമസ്കരിക്കുകയായിരുന്നു. മിർസാ സാഹിബിന്റെ പ്രായം 17, 18 വയസ്സായിരുന്നു. ഒരു നല്ല യുവാവായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്, മിർസാ അയ്യൂബ് ബേഗിനെ. സലാം വീട്ടിയ ശേഷം അദ്ദേഹം പറഞ്ഞു, ഞാൻ സുജൂദിൽ നബി തിരുമേനി (സ) യെ കണ്ടു. അദ്ദേഹം സൈനികന്റെ വേഷത്തിലായിരുന്നു. കയ്യിൽ വാളുമുണ്ടായിരുന്നു. ഓടിയോടിപ്പോവുകയായിരുന്നു. എന്താണെന്ന് ചോദിച്ചപ്പോൾ പറഞ്ഞു, ഇന്ന് മിർസാ ഗുലാം അഹ്മദിന്റെ ഭവനം പരിശോധിക്കുന്നതാണ്. അദ്ദേഹത്തെ സംരക്ഷിക്കുന്നതിനായി ഖാദിയാനിലേക്ക് പോകുകയാണ്.

ഹദ്റത്ത് അമീർ ഖാൻ സാഹിബ് പറയുന്നു, 1915 ജനുവരി 31 ന് ഞാൻ സ്വപ്നത്തിൽ ചക്രവർത്തിമാർ അഹ്മദികളെ അഭിസംബോധന ചെയ്തുകൊണ്ട് ഇങ്ങനെ പറയുന്നതായി കേട്ടു. ഇനി ഞങ്ങൾക്ക് ഭരിക്കാൻ കഴിയില്ല. ഭരണം അഹ്മദികൾക്ക് നൽകുന്നു. എന്നാൽ അഹ്മദികൾ തബ്ലീഗ് മുഖാന്തിരം -നിബന്ധനയാണിത്- ആദ്യം പൊതു ജനങ്ങളെ തങ്ങളുടെ സഹചിന്തകരാക്കി മാറ്റുക. അങ്ങിനെയെങ്കിൽ ഈ ജോലി എളുപ്പത്തിൽ നടക്കുന്നതാണ്. പിന്നീട് ഈ സ്വപ്നത്തിൽ തന്നെ ഞാൻ ആ നിബന്ധനയനുസരിച്ച് ഒരു ഹിന്ദു ഗ്രാമത്തിൽ തബ്ലീഗിനായി എത്തി. അവതാരങ്ങളുടെ അവസ്ഥയും ശിക്ഷയിറങ്ങുന്നതിന്റെ കാരണങ്ങളും വിശദമാക്കി. ഉപമ നൽകിക്കൊണ്ട് പറഞ്ഞു, നോക്കുക, കൃഷ്ണൻ (അ) ന്റെ കാലത്ത് എത്ര ഭയാനകമായ യുദ്ധമുണ്ടായി, ശിക്ഷയുണ്ടായി.

ഇത് ഇന്നും നിലനിൽക്കുന്നതാണ്. ഭരണം ലഭിക്കണമെങ്കിൽ ദുആയിലൂടെയും തബ്ലീഗിലൂടെയും മാത്രം.

ഹദ്റത്ത് ഡോക്ടർ മുഹമ്മദ് തുഫൈൽ ഖാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു, 1896 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ജംഗെ മുഖദസിന് ശേഷം - അതായത് കൃസ്ത്യാനികളുമായി നടന്ന സംവാദം - അമൃതസറിൽ കൃസ്തീയ സഹോദരന്മാരും ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി എഴുത്തിലൂടെയുള്ള സംവാദം നടന്നിരുന്നു. എന്റെ പിതാവിന്റെ പക്കൽ ഒരു സംഘം ആളുകൾ ഉണ്ടാകുമായിരുന്നു. നിത്യവും ഇതിനെ സംബന്ധിച്ച് ചർച്ചയുണ്ടാകുമായിരുന്നു. ഈ സംവാദത്തിന്റെ അവസരത്തിൽ ഹുസൂർ അബ്ദുല്ലാ ആഥമിനെ സംബന്ധിച്ച് ഒരു പ്രവചനം നടത്തിയിരുന്നു. ഈ പ്രവചനത്തിന്റെ കാലാവധിക്ക് 2,3 ദിവസം മാത്രം ശേഷിച്ചപ്പോൾ വിരോധികൾ പറയാൻ തുടങ്ങി, ഇതെല്ലാം വ്യാജ പ്രകടനങ്ങളാണ്. കാരണം ഇത്ര അധികാരമുള്ള ഒരു വ്യക്തിയായ ഡപ്യൂട്ടി ആഥമിന് തന്റെ സുരക്ഷയ്ക്കായി എല്ലാ അനിവാര്യ വ്യവസ്ഥിതികൾ വളരെ എളുപ്പത്തിൽ സംജാതമാക്കാൻ കഴിയും. പോലീസിന്റെ ഒരു വിഭാഗത്തെ തന്റെ സുരക്ഷയ്ക്കായി നിയമിക്കാൻ സാധിക്കും. അങ്ങനെയുള്ള വ്യക്തി ആരുടെയെങ്കിലും ഗൂഢാലോചനയ്ക്ക് ഇരയാകുക അസാധ്യമാണ്. എന്റെ പിതാവിന് ഈ കാര്യങ്ങൾ വളരെ അസഹ്യമായിരുന്നു. അവരുടെ കുത്തുവാക്കുകൾക്ക് മറുപടിയായി ഇങ്ങനെ പറയുമായിരുന്നു. പ്രവചനത്തിന്റെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ എന്തെങ്കിലും അഭിപ്രായം പറയുക എന്നത് പരമ വിഢിത്തമാകുന്നു. ഇസ്ലാമിന്റെ വിജയത്തിന്റെ അടയാളം അതായത് ഈ പ്രവചനം തന്റെ യഥാർത്ഥ രൂപത്തിൽ പൂർത്തിയാക്കുന്നതിന് മുമ്പ് സൂര്യൻ അസ്തമിക്കുന്നതല്ല എന്നതാണ് ഞങ്ങളുടെ ദൃഢവിശ്വാസം. ഒരു ദിവസം ശേഷിച്ചു. ആഥം ജീവനോടെയിരിക്കുന്നു എന്ന വാർത്ത ലഭിച്ചു. പറയുന്നു, ഈ വാർത്ത കേട്ടപ്പോൾ എന്റെ പിതാവിന്റെ അസ്വസ്ഥത വളരെ വർദ്ധിച്ചു. ഇസ്ലാമിന്റെ വിജയത്തിനുള്ള അടയാളമായി പറഞ്ഞിരുന്ന പ്രവചനം പൂർത്തിയായില്ല എന്നത് അദ്ദേഹത്തിന് അസഹ്യമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) സന്തോഷവാനായിരുന്നു. എന്നാൽ എന്റെ പിതാവിന്റെ ഹൃദയത്തിൽ ദു:ഖത്തിന്റെ വലിയൊരു പർവ്വതം തന്നെ തകർന്നു വീണു. അദ്ദേഹം ദുആ ചെയ്യാൻ തുടങ്ങി. അന്നേ ദിവസം അല്ലാഹു സ്വപ്നത്തിൽ അദ്ദേഹത്തിനൊരു ദൃശ്യം കാണിച്ചു കൊടുത്തു. എന്താണദ്ദേഹം കാണുന്നത്? മനുഷ്യവ്യക്തിത്വം എന്ന് തോന്നിക്കുന്ന ഒരു രൂപം അതിന്റെ മുഖത്ത് വിശേഷിച്ചും മറ്റ് ശരീര ഭാഗങ്ങളിൽ പൊതുവിലും പുല്ലുകളും പൊടിപടലങ്ങളും പറ്റി പിടിച്ചിരിക്കുന്നു. അതിന്റെ മുഖം അൽപം പോലും കാണുന്നില്ല. മറ്റ് ഭാഗങ്ങളിലൂടെയും തിരിച്ചറിയുക അസാധ്യമാണ്. മറ്റൊരു വ്യക്തി എന്റെ പിതാവിന്റെ ഭാഗത്തേക്ക് പുറം തിരിഞ്ഞു നിൽക്കുന്നുണ്ട്. അതിന്റെ മുഖം പൊടിപടലങ്ങളാൽ മറഞ്ഞിരിക്കുന്ന ആ വ്യക്തിത്വത്തിന് നേർക്കാണ്. അദ്ദേഹം വളരെ സൂക്ഷ്മതയോടും, പരിശ്രമത്തോടും, സ്നേഹത്തോടും കൂടി മറ്റേ വ്യക്തിയുടെ ശരീരത്തിൽ നിന്ന് ഓരോന്നോരോന്നായി സ്വന്തം കൈകൊണ്ട് പിരിച്ചെടുക്കുന്നു. കുറച്ച് നേരം കൊണ്ട് ആ എല്ലാത്തിനേയും പറിച്ചെടുത്തുകളയുന്നു. പൊടിപടലങ്ങളിൽ നിന്ന് ആ ശരീരത്തെ ശുദ്ധിയാക്കുന്നു. എല്ലാ കുറവുകളും എല്ലാം ശരീരത്തിൽ നിന്ന് വേർപ്പെട്ടപ്പോൾ തന്നെ അതിന്റെ താഴ്ഭാഗത്ത് നിന്ന് സൂര്യനെപ്പോലെയുള്ള പ്രകാശിത വദനം പ്രത്യക്ഷപ്പെടുന്നു. കണ്ണിന് അത് കാണാനുള്ള ശേഷിയില്ലായിരുന്നു. അന്നേരം സ്വപ്നത്തിൽ തന്നെ വ്യാഖ്യാനം നൽകി. ഏതൊരു വ്യക്തിയുടെ പരിശുദ്ധ ശരീരത്തിൽ നിന്നാണോ പുല്ലും മറ്റും ശുദ്ധിയാക്കിയത് ആ പരിശുദ്ധ വ്യക്തിത്വം സയ്യദ്നാ ഹദ്റത്ത് റസൂൽ തിരുമേനി (സ) ആകുന്നു. ആ കൊള്ളികളെ പറിച്ചെടുത്തു കളഞ്ഞ വ്യക്തി സയ്യദ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആകുന്നു. രാത്രിയാണ് അദ്ദേഹം ഈ ദൃശ്യം കണ്ടത്. പ്രഭാതമായപ്പോൾ തന്നെ എതിരാളികൾ സംഘം ചേർന്ന് വീണ്ടും എത്തി പറയാൻ തുടങ്ങി. ഇന്നലെ നിങ്ങളെന്താണ് പറഞ്ഞതെന്ന് ഓർമ്മയുണ്ടോ. ആഥം മരിച്ചിട്ടില്ല. ജീവനോടെയിരിക്കുന്നു. നിങ്ങളുടെ മിർസയുടെ പ്രവചനം തെറ്റായി പുലർന്നു. എന്റെ പിതാവ് പറഞ്ഞു. നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന വിവരം തെറ്റാണ്. ആഥം നിശ്ചയമായും ജീവനോടെയുണ്ടാകില്ല. അഥവാ ജീവനോടു കൂടിയുണ്ടെങ്കിൽ തന്നെ അയാൾ തന്റെ കുടുംബക്കാർക്കും തന്റെ ദീനീ സഹോദരന്മാർക്കുമായി മരിച്ചുകഴിഞ്ഞിരിക്കുന്നു. അയാൾ ഇക്കാര്യങ്ങളിൽ നിന്ന് തൗബ ചെയ്തിട്ടില്ലെങ്കിൽ തന്നെയും വീണ്ടും അത് ആവർത്തിച്ചില്ല. ഏത്‌വരെ കാര്യങ്ങൾ പൂർണ്ണമായും തുറക്കപ്പെടുന്നില്ലയോ തങ്ങളുടെ സംശയങ്ങളെയും സന്ദേഹങ്ങളെയും അല്ലാഹുവിൽ ഏൽപ്പിക്കുക. രാത്രി ഞാൻ കണ്ട ദൃശ്യം നിങ്ങളും കാണുകയാണെങ്കിൽ ഏതൊ

രു വ്യക്തിക്കെതിരായിട്ടാണോ നിങ്ങൾ വിഷം ചീറ്റുന്നത് ആ വ്യക്തി ഏത് പദവിയിലുള്ള വ്യക്തിയാണെന്ന് നിങ്ങ ൾക്ക് ബോധ്യമായേനേ. ഞാൻ ആ ദൃശ്യം കണ്ടതുമുതൽ എനിക്ക് ബോധ്യമായത് ഈ അടയാളം ലോകത്ത് തന്റെ പ്രതാപം വിളിച്ചറിയിക്കുന്ന നിലയിൽ പൂർത്തിയാകും എന്നാണ്. എന്നിരുന്നാലും നൂറുകണക്കിനും, ആയിരക്കണ ക്കിനും അടയാളങ്ങൾ ഹദ്റത്ത് മിർസാ സാഹിബിൽ നി ന്നും വെളിപ്പെടുന്നതാണ്. അത് ഇസ്ലാമിന്റെ വിരോധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന എല്ലാ തടസ്സങ്ങളെയും നശിപ്പി ക്കുന്നതാണ്. ഇസ്ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ ലോക ത്ത് വെളിപ്പെടുത്തുക എന്നതും റസൂൽ തിരുമേനി(സ) യുടെ ശരിയായ മുഖത്തെ വെളിപ്പെടുത്തുക എന്നതും, ആ മഹാ ത്മാവിന് മേൽ ആരോപിച്ചിട്ടുള്ള എല്ലാ ആരോപണങ്ങളെ യും ദൂരീകരിക്കുക എന്നതും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ തന്നെ ജോലിയായിരുന്നു.

അബ്ദുല്ലാ ആഥമിന്റെ ഈ സംഭവത്തിൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്ലാമിന്റെയും നബി തിരുമേനി(സ) യേയും പ്രതിരോധിക്കുകയാണ് ചെയ്തത്. മുസ്‌ലിംകൾ എന്ന് പറയപ്പെടുന്ന ചിലർ, മറിച്ച് അവരുടെ പണ്ഡിത ന്മാരും മറ്റുള്ളവരെ പിന്തുണക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്ലാമിന്റെ സത്യത വെളിപ്പെടു ത്താൻ ആഗ്രഹിക്കുന്നു. നബി (സ) യുടെ സുന്ദര വദനം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇവർ അദ്ദേഹത്തെ എതിർക്കുന്നു.

ഇന്ന് മിലാദുന്നബിയുടെ സന്തോഷത്തിൽ വലിയ ജാഥ കളും സന്തോഷ പ്രകടനങ്ങളും സംഘടിപ്പിച്ചു കൊണ്ടി രിക്കുന്നു. യഥാർത്ഥ സന്തോഷം ആഘോഷത്തിലല്ല. മറിച്ച് നബി തിരുമേനി (സ) യുടെ സന്ദേശത്തെ ലോകത്ത് പ്രചരി പ്പിക്കുന്നതിലാണ്. ആ മഹാത്മാവിന്റെ മനോഹര അധ്യാപ നങ്ങളെ ലോകത്തുള്ള ഓരോ വ്യക്തികളിലേക്കും എത്തി ക്കുന്നതിലാണ്. നബി (സ) യ്ക്ക് മേൽ സ്വലാത്തു ചൊല്ലു ന്നതിലാണ്.

നേരത്തെ ഞാനൊരു ഉദ്ധരണി കേൾപ്പിച്ചിരുന്നു. അതാ യത് ദീനിൽ ദൃഢത സംജാതമാക്കുക. ഇന്ന് ഓരോ മുസ്‌ലി മും യഥാർത്ഥ മുസ്‌ലിമാണെങ്കിൽ അവരുടെ ജോലി ദീനിൽ ദൃഢത സംജാതമാക്കുക എന്നതാണ്. അത് റസൂൽ തിരു മേനി (സ) യുടെ ഈ സത്യപ്രേമിയുടെ കൂടെ ചേർന്ന് കൊണ്ട് മാത്രമെ സാധ്യമാകൂ. ആഥമിന്റെ മരണം കുറച്ച് കാലത്തേക്ക് നീട്ടിവെക്കപ്പെട്ടു. കാരണം ആ വ്യക്തി ഒരു തരത്തിൽ തൗബ ചെയ്തിരുന്നു. ആരോപണങ്ങളും ആക്ഷേ പവും ഉപേക്ഷിച്ചിരുന്നു. 6, 7 മാസത്തിന് ശേഷം മരണം സംഭവിച്ചു. അഥവാ അൽപനേരത്തേക്ക് മരണം നീക്കി വെക്കപ്പെടാം. എന്നാൽ മരണം സുനിശ്ചിതമാണ് എന്നാ യിരുന്നു പ്രവചനം.

ഒരു സ്വപ്നത്തിലെ സംഭവം ഞാൻ പറഞ്ഞിരുന്നു. അതിൽ പറയുന്നത് ഭരണം ലഭിക്കണമെങ്കിൽ, ലോകത്ത് വിജയം ലഭിക്കണമെങ്കിൽ അത് തബ്‌ലീഗിലൂടെയാണ് സംഭവിക്കുക. ഇക്കാര്യത്തിലേക്കും നാം പരിശ്രമിക്കേണ്ടത് അനിവാര്യ മാകുന്നു.

നബി തിരുമേനി (സ) യുടെ സുന്ദരവദനം ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നല്ലാതെ മറ്റാർക്കും വെളിപ്പെടുത്താൻ കഴിയില്ല. ആരും വെളിപ്പെടുത്തുന്നുമില്ല. അദ്ദേഹത്തിന്റെ ജമാഅത്തിന്റെ ഇന്നത്തെ ജോലിയും അതാണ്. നാം അതി ലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

നബി തിരുമേനി (സ) യെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ഞാൻ എന്നും ആശ്ചര്യദൃഷ്ടിയോടെ നോക്കുന്നു. മുഹമ്മദ് (സ) എന്നു പേരുള്ള ഈ അറബി നബി - ആയിരക്കണക്കിന് ദുറൂദും സലാമും അദ്ദേഹത്തിന് മേലുണ്ടാകട്ടെ - എത്ര ഔന്നിത്യത്തിലുള്ള നബിയാണ്. അദ്ദേഹത്തിന്റെ ഔന്നിത്യത്തിന്റെ സീമ മനസ്സിലാക്കാൻ സാധിക്കില്ല. അദ്ദേഹത്തിന്റെ ദൈവീക പ്രഭാവത്തിന്റെ ആനുമാനം മനുഷ്യന്റെ പരിതിയിലല്ല. തിരിച്ചറിയേണ്ട നിലയിൽ ആ മഹാത്മാവിന്റെ ഉന്നത സ്ഥാനമഹിമയെ തിരി ച്ചറിഞ്ഞില്ല എന്നത് ദു:ഖകരം തന്നെ. തൗഹീദ് ലോകത്ത് നിന്ന് അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു. ആ ഒരു യോദ്ധാ വാണ് അതിനെ വീണ്ടും ലോകത്തേക്ക് കൊണ്ടുവന്നത്. അദ്ദേഹം അല്ലാഹുവിനെ അങ്ങേയറ്റം സ്നേഹിച്ചു. അങ്ങേ യറ്റം മനുഷ്യകുലത്തിന്റെ സഹതാപത്തിൽ ജീവഹാനി വരുത്തുന്ന അവസ്ഥയിലെത്തി. അതിനാൽ അദ്ദേഹത്തിന്റെ ഹൃദയ രഹസ്യങ്ങൾ അറിയാവുന്ന അല്ലാഹു അദ്ദേഹത്തിന് എല്ലാ മുൻഗാമികളേക്കാളും പിൻമാഗികളേക്കാളും ശ്രേഷ്ഠത നൽകി. അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ തന്നെ നൽകി. എല്ലാ അനുഗ്രഹത്തിന്റെയും ഉറവിടം അദ്ദേഹമാകുന്നു. അദ്ദേഹത്തെ അംഗീകരിക്കാതെ, അദ്ദേഹത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാതെ ഏതെ ങ്കിലും ശ്രേഷ്ഠത വാദിക്കുന്ന ആൾ മനുഷ്യനല്ല, പ്രത്യുത പിശാചിന്റെ സന്തതിയായിരുന്നു. കാരണം എല്ലാ ശ്രേഷ്ഠ തകളുടെയും താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരി ക്കുന്നു. അതായത് നബി തിരുമേനി (സ) യ്ക്ക് - എല്ലാ ദൈവീകജ്ഞാനങ്ങളുടെയും ഖജനാവ് അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന കരസ്ഥമാക്കാ ത്തവർ എന്നെന്നേക്കുമായി പിന്തള്ളപ്പെടുന്നവരാകുന്നു. നാം എന്താണ്? നമ്മുടെ യാഥാർത്ഥ്യം എന്താണ്? യഥാർത്ഥ തൗഹീദ് നമുക്ക് ആ നബി മുഖേനയാണ് ലഭിച്ചത് എന്ന് അംഗീകരിക്കുന്നില്ലെങ്കിൽ നാം അനുഗ്രഹ നിഷേധിയായി ത്തീരുന്നതാണ്. ജീവനുള്ള ദൈവത്തെ ഈ പരിപൂർണ്ണ നബിയിലൂടെ, അദ്ദേഹത്തിന്റെ പ്രകാശത്തിലൂടെയാണ് നാം കണ്ടെത്തിയത്. അല്ലാഹുവിന്റെ മുഖം ദർശിക്കുന്ന അവന്റെ സംഭാഷണവും സംസാരവും ഈ പവിത്ര നബിയിലൂടെ യാണ് നമുക്ക് കരഗതമായത്. ഈ സന്മാർഗ്ഗത്തിന്റെ ആദി ത്യന്റെ കിരണങ്ങൾ വെയിലുപോലെ നമ്മിൽ പതിക്കുന്നു. അതിനഭിമുഖമായി നിലകൊള്ളുന്ന കാലത്തോളം മാത്രമേ നാം പ്രശോഭിതരായിരിക്കുകയുള്ളൂ.

പറയുന്നു, പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ പ്രവാച കനുമായ ആ മഹാത്മാവ് പരിപൂർണ്ണ അനുഗ്രഹങ്ങളോട് കൂടിയാണ് ആഗതരായത്. അദ്ദേഹത്തിലൂടെ ആത്മീയ സംഗമത്തിന്റെ കാരണത്താൽ ലോകത്തിന്റെ പ്രഥമ ഖിയാ മത്ത് വെളിപ്പെട്ടു. അദ്ദേഹത്തിന്റെ ആഗമനത്തോടു കൂടി മൃതരായി കഴിഞ്ഞിരുന്ന ഒരു ലോകം പുനർജനിച്ചു. പ്രവാ ചക ശ്രേഷ്ഠനായ, സൂഫിയാക്കളുടെ ഇമാമായ, ശ്രേഷ്ഠ

ദൂതനായ, പ്രവാചകന്മാരുടെ അഭിമാനമായ ജനാബ് മുഹമ്മദ് മുസ്തഫാ (സ) ആകുന്നു ആ അനുഗ്രഹീത നബി. അല്ലാഹുവെ! ഈ പ്രിയപ്പെട്ട നബിക്ക് മേൽ ലോകാരംഭം മുതൽ ആർക്കും നൽകപ്പെട്ടിട്ടില്ലാത്ത അനുഗ്രഹവും സലാമും അയക്കുക. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സ്ഥാനമാണിത്. അക്കാരണത്താലാണ് ജനങ്ങൾ നബി തിരുമേനി (സ) യെ വിവിധ സ്വപ്നങ്ങളിൽ ദർശിച്ചപ്പോൾ അത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വ്യക്തിത്വത്തിൽ ദർശിച്ചത്. അതായത് രണ്ട് വ്യക്തിയാണെങ്കിലും ഒരേ ജീവനായി.

ഇന്നും എന്നും നബി തിരുമേനി (സ) യ്ക്ക് സലാം ഉരുവിട്ടുകൊണ്ടിരിക്കുകയും, അതിൽ അഭിവൃദ്ധി കൈവരിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്. അത്പോലെ ആ മഹാത്മാവിന്റെ മാതൃകയെ സ്വായത്തമാക്കുന്നവരുമായിരിക്കണം. അതിലും എപ്പോഴും മുന്നേറിക്കൊണ്ടിരിക്കുന്നവരും ആയിരിക്കണം. ഞാൻ പറഞ്ഞതുപോലെ ഇന്ന് വലിയ വലിയ സമ്മേളനങ്ങൾ നടക്കുന്നു, ജാഥകൾ സംഘടിപ്പിക്കുന്നു. നബി തിരുമേനി (സ) യുടെ ജന്മദിനം ആഘോഷിക്കുന്നു. എന്നാൽ അവിടെ നബി (സ) യുടെ അദ്ധ്യാപനങ്ങളുടെ പ്രകടനം ഉണ്ടാകാറില്ല. റബ്വയിൽ ഇപ്പോൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ജാഥയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിൽ അസഭ്യം പുലമ്പലല്ലാതെ മറ്റൊന്നും ഉണ്ടാകില്ല. നബി (സ) യുടെ ചരിത്രം പറയുകയായിരിക്കില്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അസഭ്യം പറയുകയായിരിക്കും. ജമാഅത്തിനെതിരിൽ മോശമായ വാക്കുകൾ പ്രയോഗിക്കുകയായിരിക്കും.

ഒരു ഭാഗത്ത് ഭൗതീകരായി കഴിഞ്ഞിരിക്കുന്ന ഇവരുടെ പെരുമാറ്റം. മുസ്ലിം എന്ന് പറയപ്പെടുന്നുവെങ്കിലും ഇസ്ലാമിൽ നിന്ന് അകന്ന് പോയിരിക്കുന്നു. മറുഭാഗത്ത് സഹാബാക്കളോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം. നബിതിരുമേനി(സ) യെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വ്യക്തിത്വത്തിൽ അല്ലാഹു വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവർക്ക് കാണിച്ചുകൊടുക്കുന്നു, സാന്ത്വനിപ്പിക്കുന്നു. ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അല്ലാഹു ഇത്തരത്തിലുള്ള ദൃശ്യങ്ങൾ തന്റെ സൽപ്രകൃതക്കാർക്കും സദ്വൃത്തരായവർക്കും കാണിച്ചു കൊടുക്കുന്നുണ്ട്. അക്കാരണത്താൽ അവർ ജമാഅത്തിലേക്ക് വരുകയും ചെയ്യുന്നു, സ്വീകരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദാസത്വത്തിൽ വന്ന്കൊണ്ട് നബി (സ) യുടെ യഥാർത്ഥ ദാസത്വത്തെ സ്വായത്തമാക്കുന്നു.

വിരോധികളുടെ കണ്ണുകൾ അല്ലാഹു തുറക്കട്ടെ. നാമമാത്രമായ മുസ്ലിംകൾ എന്ന് പറയപ്പെടുന്നതിന് പകരം യഥാർത്ഥ മുസ്ലിംകൾ ആകുന്നവരാകട്ടെ. അല്ലാഹുവിന്റെ ശബ്ദത്തെ ശ്രവിക്കുന്നവരാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 January 25 at : Baitul Futuh London
Translation: T.M.Abdul Mujeeb - 09946794987

Typing: Nasarudheet.A.T,Tahir Ahmad & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**